**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5551** **15-03-2023 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ വഴിയുള്ള വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ വഴി മദ്രസ അധ്യാപകർക്കുള്ള ഭവന നിർമ്മാണ പദ്ധതിക്ക് നാളിതുവരെ അപേക്ഷ ക്ഷണിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | **കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്കുള്ള പലിശ രഹിത ഭവന വായ്പ നൽകുന്നത് കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ ആണ്. 2020-21 സാമ്പത്തിക വർഷം മുതലാണ് മദ്രസ്സാ അദ്ധ്യാപക ക്ഷേമ നിധി ബോർഡ് പലിശ രഹിത ഭവന വായ്പയ്ക്കുള്ള അപേക്ഷ നേരിട്ട് സ്വീകരിച്ചു തുടങ്ങിയത്. ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ നിർദ്ദേശം അനുസരിച്ചാണ് ഭവന വായ്പയ്ക്കുള്ള അപേക്ഷ സ്വീകരിക്കുന്നത്. 2020-21 സാമ്പത്തിക വർഷം മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി ബോർഡ് 217 ഗുണഭോക്താക്കളുടെ ലിസ്റ്റ് തയാറാക്കി ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന് കൈമാറിയിരുന്നു. പ്രസ്തുത ലിസ്റ്റിലുള്ള മുഴുവൻ പേർക്കും ഇതുവരെ ഭവന വായ്പ കൊടുത്തു കഴിയാത്തതിനാലാണ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ ഭവന വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തത്. പ്രസ്തുത ലിസ്റ്റിൽ നിന്നുംഈ വർഷം 13 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കോർപ്പറേഷൻ വഴി നൽകുന്ന ഏതെല്ലാം ഗുണഭോക്തൃ വായ്പാ ആനുകൂല്യങ്ങൾക്കാണ് ഈ വർഷം ഇതുവരെ അപേക്ഷ ക്ഷണിച്ചിട്ടുള്ളതെന്നും എത്ര അപേക്ഷകർക്ക് വായ്പ അനുവദിച്ചുവെന്നും ഇനം തിരിച്ച് വിശദമാക്കുമോ; | (ബി) | മദ്രസ അധ്യാപകർക്കുള്ള ഭവന വായ്പ ഒഴികെ കോർപ്പറേഷന്റെ മററ് വായ്പാ പദ്ധതികൾക്കൊന്നും പ്രത്യേകമായി അപേക്ഷ ക്ഷണിക്കാറില്ല. കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ വായ്പാ പദ്ധതികളിലായി ഈ വർഷം ഗുണഭോക്തൃ വായ്പാ ആനുകൂല്യങ്ങൾ നൽകിയതിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കോർപ്പറേഷൻ ഓഫീസുകളുടെ ഭരണസംവിധാനവും വായ്പാ നടപടിക്രമങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | കോർപ്പറേഷൻ ഓഫീസുകളുടെ ഭരണ സംവിധാനവും വായ്പാ നടപടിക്രമങ്ങളും നിലവിൽ ഓൺലൈൻ ആക്കിയിട്ടില്ല. ഓൺലൈൻ ആക്കുന്നതിലേക്കുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മാമ്പലായി കണക്കെടുപ്പ് നടത്തുന്നത് മൂലം വായ്പക്കാരുടെ പക്കൽ നിന്നും അമിത തുക പലിശയായും പിഴപ്പലിശയായും ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ ഓഫീസുകളിലും ഇത് സംബന്ധിച്ച പ്രത്യേക പരിശോധനകൾ നടത്തുമോ; വ്യക്തമാക്കുമോ? | (ഡി) | വായ്പാക്കാരുടെ പക്കൽ നിന്നും അമിത തുക പലിശയായും പിഴപ്പലിശയായും ഈടാക്കുന്നതായ പരാതി ലഭിച്ചിട്ടില്ല. പലിശയും പിഴപ്പലിശയും കൃത്യമായി കണക്ക് കൂട്ടുന്നതിന് സോഫ്റ്റ് വെയർ സംവിധാനം കോർപ്പറേഷനിൽ നിലവിൽ ഉണ്ട്. കോർപ്പറേഷനിൽ ഇന്റേണൽ ഓഡിറ്റും സി & എജി നിയമിക്കുന്ന ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ സ്റ്റാറററ്യൂട്ടറി ഓഡിററും സി&എജി അനുബന്ധ ഓഡിററും കൃത്യമായി ഓഡിറ്റ് പരിശോധനയും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നമ്പർ | പദ്ധതി | എണ്ണം |
|---|---|---|
| 1 | സ്വയംതൊഴിൽ വായ്പ | 63 |
| 2 | വിദ്യാഭ്യാസ വായ്പ | 278 |
| 3 | പാരൻറ് പ്ലസ് വിദ്യാഭ്യാസ വായ്പ | 224 |
| 4 | പ്രവാസി സ്വയംതൊഴിൽ വായ്പ | 1 |
| 5 | വിസ വായ്പ | 4 |
| 6 | ഉദ്യോഗസ്ഥ വായ്പ | 6 |
| 7 | ബിസിനസ്സ് വിപുലീകരണ വായ്പ | 7 |
| 8 | മദ്രസ അധ്യാപക ഭവന വായ്പ | 5 |
| 9 | ഭവന വായ്പ | 80 |
| 10 | സുമിത്രം പദ്ധതി(വിവാഹ വായ്പ, ഗുരുതര രോഗ ചികിത്സാ വായ്പ) | 45 |

**അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ**